# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 225

15/07/2016-ലെ
മറുപടിയ്ക്ക്.

## വാത്സല്യനിധി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീ. കെ.ജെ. മാക്സി**<br>**ശ്രീ. കെ. ഡി. പ്രസേനൻ** | | **ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി 'വാത്സല്യനിധി പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യ നിധി എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇത് പട്ടികജാതി പെൺകുട്ടികൾക്കുള്ള ഒരു ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കൂടാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക്, 2016-17 വർഷം മുതൽ ജനിക്കുന്ന പെൺകുട്ടികളെ ഉൾപ്പെടുത്താവുന്നതാണ്. ഗുണഭോക്താവിന്റെ പേരിൽ, 1,38,000/- രൂപ നാല് ഘട്ടങ്ങളിലായി നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവിന് 18 വയസ് പ്രായപൂർത്തി യാകുമ്പോൾ 3,00,000/- രൂപ ലഭിക്കുന്നതാണ്. പോളിസി കാലയളവിൽ രക്ഷിതാക്കൾക്കുണ്ടായേക്കാവുന്ന അത്യാഹിതങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കും . ഇൻഷ്വർ ചെയ്യപ്പെടുന്ന പെൺകുട്ടിയുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധകുത്തിവയ്പുകൾ, സ്കൂൾ അഡ്മിഷൻ, ഉന്നത വിദ്യാഭ്യാസ പദ്ധതി എന്നിവയും ഉറപ്പുവരുത്തുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | വാത്സല്യനിധി പദ്ധതിയിലൂടെ സാമ്പത്തി കമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് 2016-2017 മുതൽ ജനിക്കുന്ന പെൺകുട്ടികളുടെ ജനനരജിസ്ട്രേഷൻ, ആരോഗ്യസുരക്ഷാ, വിദ്യാഭ്യാസം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ദേശസാൽകൃത/സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ആയതിലേക്ക് LIC of India യെ നിക്ഷേപക ഏജൻസിയായി സർക്കാർ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികജാതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച മാർഗ്ഗരേഖ അംഗീകരിക്കുകയും പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ